# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/2049/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

തീയതി – 21.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/2049/2016 തീയതി -21.11.2016

# കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.2015മുതൽ 31-3-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.കെ.കെ.സതീഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 4.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീമതി.ഷൈന.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.പി.ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കുമാരി.അഖില.വി | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.യു.പി.നഫീസ | 1.4.2015മുതൽ 31.10.2015വരെ |
| | ശ്രീ.എൻ.സി.ഹസ്സൻ | 19.11.2015മുതൽ 31.3.2016വരെ |
| സെക്രട്ടറി | ശ്രീ .വിനോദ്കുമാർ.ടി.എം (സെക്രട്ടറി ഇൻ ചാർജ്) | 1.4.2015 മുതൽ 22.7.2015വരെ |
| | ശ്രീ.പി.എസ്.സാദിക്ക് മഹ്ദൂം | 23.7.2015 മുതൽ31.3.2016വരെ |

നിർവഹണദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിനോദ്കുമാർ.ടി.എം | 1.4.2015മുതൽ 19.8.2015വരെ |
| | ശ്രീമതി.ഗിരിജ.കെ | 19.8.2015മുതൽ 31.3.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.കെ.കെ.അബ്ദുറഹിമാൻ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.മുഹമ്മദ് ഷെരീഫ്.പി.പി | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിക്രാന്ത് | 1.4.2015മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പി.പി.സക്കറിയ | 1.4.2015മുതൽ 31.3.2016 വരെ |
| വി.ഇ.ഒ | ശ്രീമതി.ശ്രീജ.ടി.എസ് | 1.4.2015മുതൽ 31.3.2016 വരെ |
| | ശ്രീ.ആഷിഖ്.കെ.ടി | 1.4.2015മുതൽ 29.2.2016 വരെ |
| | ശ്രീമതി.ശ്രീകല.കെ.സി | 1.3.2016മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ഷീജ.വി.ടി | 1.4.2015മുതൽ 1.6.2015 വരെ |
| | ശ്രീമതി.സുനിത.ടി.എം | 1.6.2015മുതൽ 30.9.2015 വരെ |
| | ശ്രീമതി.പത്മാക്ഷി | 1.10.2015മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ.നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം - 1<br>പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | തനത് വരുമാനം | 1-6 |
| 7. | ക്ഷേമപദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8. | കേഷ് വെരിഫിക്കേഷൻ | 1-8 |
| 9. | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | <u>ഭാഗം -2</u><br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11. | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 2-1 |
| 12. | കെട്ടിട വാടക പിഴ പലിശ ഈടാക്കിയില്ല | 2-2 |
| 13. | തൊഴിൽ നികുതി അപാകതകൾ | 2-3 |
| 14. | ഡി&ഒ ലൈസൻസ് അപാകതകൾ | 2-4 |
| 15. | വസ്തുനികുതി കുടിശ്ശിക | 2-5 |
| 16. | തനതുവിഭവ സമാഹാരത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര രീതിയിൽ ശ്രദ്ധ ചെലുത്തുന്നില്ല. | 2-6 |
| 17. | ക്രഷർ യൂണിറ്റ് പ്രവർത്തനം സംബന്ധിച്ച് | 2-7 |
| 18. | ഓട് ലേലം ചെയ്ത് വിറ്റില്ല | 2-8 |
| | <u>ഭാഗം - 3</u><br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19. | പദ്ധതി ആസൂത്രണവും നടപ്പാക്കലും യഥാസമയം നടക്കുന്നില്ല. | 3-1 |
| 20. | പത്രപരസ്യത്തിന് അധിക തുക നൽകുന്നു. | 3-2 |
| 21. | കോൺക്രീറ്റ് പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് അനുവദിക്കുന്നു. | 3-3 |
| 22. | വാർഷിക ധനകാര്യപത്രിക ആവശ്യാർത്ഥം രജിസ്റ്ററുകൾ തയ്യാറാക്കാൻ വേതനം നൽകി | 3-4 |
| 23. | അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് നൽകി | 3-5 |
| 24. | ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടത്ര പരിഗണന നൽകുന്നില്ല | 3-6 |

| | | |
|---|---|---|
| 25. | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-7 |
| 26. | അംഗൻവാടികളിലെ പൂരകപോഷകാഹാരത്തിന് ആവശ്യത്തിന് തുക വകയിരുത്തുന്നില്ല. | 3-8 |
| 27. | തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയില്ല. | 3-9 |
| 28. | പഞ്ചായത്തിലെ സോഫ്റ്റ്വെയറുകളുടെ കാര്യത്തിൽ ഐ.കെ.എം പ്രവർത്തനം തൃപ്തികരമല്ല. | 3-10 |
| 29. | ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. | 3-11 |
| 30. | പാലിയേറ്റീവ് പരിചരണ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭിച്ചില്ല | 3-12 |
| 31. | പാലിയേറ്റീവ് പരിചണ പദ്ധതി - വാങ്ങിയ ഇന്ധനം വാഹനത്തിൽ നിറച്ചില്ല. | 3-13 |
| 32. | തനത് ഫണ്ടിന്റെ ലഭ്യതയിൽ കൂടുതൽ പ്രൊജക്ടുകൾ വെക്കുന്നു | 3-14 |
| 33. | മൈലാടിപ്പാറ ശ്മശാനം റോഡ് ടാറിംഗ്, മെറ്റലിംഗ് - പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 3-15 |
| 34. | സർക്കാർ കോളജിന് സ്ഥലം വാങ്ങൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-16 |
| 35. | തെരുവ് വിളക്കുകളുടെ റിപ്പേർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-17 |
| 36. | പദ്ധതി നടത്തിപ്പിലെ വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച് | 3-18 |
| | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37. | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38. | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്ോ | 4-3 |

| | | |
|---|---|---|
| 40. | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42. | ഓഡിറ്റ് റിക്കവറി | 4-6 |
| 43. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 44. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | 4-9 |
| 46 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 5 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 30.3.2015തിയതിയിലെ 1ാം തീരുമാനപ്രകാരം പാസ്സാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2015 | 28.7.2016 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14709803 |
| വരവ് | 38555755 |
| ആകെ | 53265558 |
| ചെലവ് | 48520738 |
| നീക്കിയിരിപ്പ് | 4744820 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1380597 | 3015709 | 10287669 | 10287669 | 0 | 5891363 |
| വികസനഫണ്ട് എസ്.സി.പി. | 1097115 | 3014919 | 4112034 | 4112034 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 1310041 | 4700952 | 6010993 | 6010993 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1240204 | 1549969 | 2790173 | 2790173 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 807766 | 5819877 | 6627643 | 6627643 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 3146457 | 2529914 | 5676371 | 5676371 | 0 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 7192 | 8637984 | 8645176 | 8642242 | 2934 | |
| ബി ഫണ്ട് | 0 | 15784921 | 15784921 | 15784921 | 0 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 53915173 | 188 | 34993291 | 22 | 66 | 74.01% |

## 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം (+)6.3വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2837688 | 2961638 | 123950 | (+)4.36 |
| നികുതിയേതര വരവുകൾ | 795558 | 699751 | 95807 | (-)12.04 |
| മറ്റുവരവുകൾ | 0 | 200853 | 200853 | (+)100 |
| ആകെ | 3633246 | 3862242 | 228996 | (+)6.3 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 585120 | 322 |
| കർഷകതൊഴിലാളി പെൻഷൻ | 2088600 | 457 |
| വിധവാപെൻഷൻ | 5691200 | 933 |
| വാർദ്ധക്യകാലപെൻഷൻ | 4272600 | 832 |
| വികലാംഗപെൻഷൻ | 2242100 | 372 |
| 50 വയസ്സിനു മുകളിൽ | 176000 | 28 |

| | | |
|---|---|---|
| പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2016 10 am ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല

## 1-9 ആഭ്യന്തര നിയന്ത്രണം

ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയത് വാർഷിക ധനകാര്യ പത്രികയുമായി യോജിക്കുന്നില്ല. വസ്തുനികുതി രജിസ്റ്റർ ആയി തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.6.2016 | 1.2.2016 മുതൽ 30.6.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | -- | 2005-06 മുതൽ 2009-10 വരെ | LBA(HQ)1/TPQ/10-11/LBA1/7 Dated 28.4.2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015- 16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) നിലവിൽ സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ, അക്കൗണ്ടുകളായ ആയ T P Own Fund – (ഇതിൽ മുന്നിരിപ്പും, നീക്കിയിരിപ്പുമായി 313രൂപയും), പോസ്റ്റ് ഓഫീസ് എസ് ബി ( Own Fund ) എന്നിവയും (31570 രൂപയും) കിടപ്പുണ്ട്. ഇത് ഏത് ഫണ്ട് ആണെന്ന് വ്യക്തമാക്കിയിട്ടില്ല.

2) താഴെ പറയുന്ന ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

| ക്രമ നം | രജിസ്റ്റർ |
|---|---|
| 1 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ |

| | |
|---|---|
| 2 | വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ |

3) ചില നികുതികൾ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയിലും, രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യപത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം | കുറിപ്പ് |
|---|---|---|---|
| തൊഴിൽ നികുതി- ജീവനക്കാർ | 1019610 | 1050800 | |
| തൊഴിൽ നികുതി- വ്യാപാരികൾ | 140090 | 108900 | |
| വസ്തുനികുതി ഡിമാന്റ് | 2567718 | 2310681 | |

4) ഐ സി ഡി എസ് സൂപ്പർവൈസർ പൂരക പോഷകാഹാര പദ്ധതിക്ക് അഡ്വാൻസ് ലഭിച്ച തുക തനത് ഫണ്ടിൽ അടവാക്കിയത് 721,321 രൂപ എ എഫ് എസിൽ വരവായി കാണുന്നില്ല.

5) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-2 കെട്ടിട വാടക പിഴ പലിശ ഈടാക്കിയില്ല

പഞ്ചായത്തിലെ കെട്ടിടവാടക ബൈലോയിൽ 17ാം വ്യവസ്ഥ പ്രകാരം പ്രതിമാസ വാടക അതാതുമാസം 5ാം തിയ്യതിയ്ക്കു മുമ്പായി പഞ്ചായത്തോഫീസിൽ അടയ്ക്കേണ്ടതാണ്. വാടക യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തിയ്യതി മുതൽ പണം അടയ്ക്കുന്ന തിയ്യതി ഉൾപ്പെടെയുള്ള കാലത്തേക്ക് പ്രതിമാസം 2% പിഴ പലിശയോട് കൂടി അടവാക്കേണ്ടതാണ്. 2015-16 വർഷത്തിൽ പിഴ പലിശ ഈടാക്കിയില്ല.

| റൂം നമ്പർ | പിഴ കൂടാതെ അടയ്ക്കേണ്ടതിയ്യതി | ഒടുക്കിയ തുക/രശീതി നമ്പർ,തിയ്യതി | പിഴ പലിശ |
|---|---|---|---|
| 17/457 | 5.12.2015 | 2250/115101029107, 5.1.2016 | 45 |
| 17/458 | 5.6.2015 | 2217/00919, 4.7.2015 | 44 |
| | 5.8.2015 | 2217/01531, 4.9.2015 | 44 |
| | 5.10.2015 | 2217/02192, 5.11.2015 | 44 |
| | 5.12.2015 | 2217/102907, 5.1.2016 | 44 |
| 17/459 | 5.6.2015 | 2195/0919, 4.7.2015 | 44 |
| | 5.8.2015 | 2195/01531, 4.9.2015 | 44 |
| | 5.10.2015 | 2195/02192, 5.11.2015 | 44 |

| | | | |
|---|---|---|---|
| | 5.12.2015 | 2195/102907, 5.1.2016 | 44 |
| 17/460 | 5.6.2015 | 1407/0919, 4.7.2015 | 28 |
| | 5.8.2015 | 1407/01531, 4.9.2015 | 28 |
| | 5.10.2015 | 1407/ 02192, 5.11.2015 | 28 |
| ആകെ | | | 481 |

<u>കരാർ ചമയ്ക്കുന്നില്ല</u>

പഞ്ചായത്ത് 2015-16ലേല നിബന്ധനകൾ 9 , 2005 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു ആർജിക്കലും കൈയ്യൊഴിയലും ) ചട്ടങ്ങൾ ചട്ടം 7(2) എന്നിവ പ്രകാരവും ഗ്രാമപഞ്ചായത്ത് ലേലം കൊണ്ടതോ വാടകക്കാരുമായോ കരാർ ചമയ്ക്കേണ്ടതാണ് . 2015-16 വർഷത്തിൽ ലേലം വിളിച്ചവരുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടില്ല.

| ക്രമനമ്പർ | ഇനം | ലേലം വിളിച്ച വ്യക്തി |
|---|---|---|
| 1 | ബസ്സ്സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം | അപ്പു.വി, പൂവത്തിങ്ങൽ |
| 2 | കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിക്കുന്നതിനുള്ള അവകാശം | അബ്ദുൾ റസാഖ് .സി.പി ,ചെറിയ പാറച്ചോട്ടിൽ |
| 3 | പഞ്ചായത്ത് വെയ്റ്റിംഗ് ഷെഡുകളിൽ പരസ്യം ചെയ്യുന്നതിനുള്ള അവകാശം | സുൽഫി.പി, പാറശ്ശേരി |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/1-11-2016 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടവാടക ഇനത്തിലെ പിഴ പലിശ 233 രൂപ രശീതി 1161010321/ 4.11.2016 പ്രകാരം ഒടുക്കിയിട്ടുണ്ട് .ശേഷിക്കുന്ന പിഴ പലിശ 248 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ലേലം, കെട്ടിടവാടക എന്നീ ഇനങ്ങളിൽ കരാർ ചമയ്ക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ നിരീക്ഷിക്കുന്നതുമാണ്.

## 2-3 <u>തൊഴിൽനികുതി അപാകതകൾ</u>

1) <u>തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>

ഡി ആന്റ് ഒ ലൈസൻസ് പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലേറെ പേർ ജോലിചെയ്യുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയതായി കണ്ടു. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാത്ത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എതൊരാളുടെയും മേൽ നികുതി ചുമത്തേണ്ടതാകുന്നു.

| ക്രമനമ്പർ | ഡി ആന്റ് ഒ അപേക്ഷാ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 157 | സുബൈദ<br>പി.വി.എസ് സിമന്റ് വർക്സ് | 12/477 A | 4 |
| 2 | 56 | കൗസല്യ.കെ.കെ<br>നാടൻ ഭക്ഷണശാല | 365 | 3 |
| 3 | 65 | കെ.സി.ഹൈദർ<br>ഹോട്ടൽ | 4/316 | 3 |
| 4 | 81 | ശംസുദ്ദീൻ<br>ഫന്റാസിയ ലേഡീസ് ടൈലറിംഗ് | 10/234 | 10 |
| 5 | 139A | എ.പി.അബ്ദുൾ നാസർ | 9/291 | 3 |
| 6 | 44 | സയ്യിദ് അഷറഫ്<br>പി.വി.എസ് ഹോളോ ബ്രിക്സ് | 1/633E | 4 |
| 7 | 13 | അബ്ദുൾ നാസർ.പി.കെ<br>ഇക്കോനെറ്റ് പേപ്പർ പ്രൊഡക്ട്സ് | 2/446 A | 4 |

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഫോറം നമ്പർ VI ൽ ഉള്ള നോട്ടീസിൽ 15 ദിവസത്തിനുള്ളിൽ തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെടേണ്ടതും സമർപ്പിച്ച റിട്ടേണിന്റെ കൃത്യത പരിശോധിച്ച് തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

2) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം കൂലി നൽകുന്നില്ല

ചില സ്ഥാപനങ്ങളിലെ ചില ജീവനക്കാരുടെ അർദ്ധവർഷത്തെ ശമ്പളമായി റിട്ടേണിൽ രേഖപ്പെടുത്തിയത് താഴെ പറയുന്ന പ്രകാരമാണ്.

മിനിമം വേജസ് ആക്ട് 1948 അനുസരിച്ച് കേരള സർക്കാർ ഇറക്കിയ ഉത്തരവുകളനുസരിച്ചുള്ള കൂലി ഇവർക്ക് മിനിമം കൂലിയായി നൽകുന്നില്ല. എന്നാൽ ഇവരുടെ മിനിമം കൂലി നൽകുകയാണെങ്കിൽ ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാവുന്നതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനം | റിട്ടേൺ പ്രകാരം ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം | മിനിമം വേജ് ആക്ട് പ്രകാരമുള്ള വേതനം, ബന്ധപ്പെട്ട സർക്കാർ ഉത്തരവ് |
|---|---|---|---|
| 1 | മലബാർ യുനാനി മർമ്മ ചികിത്സാ കേന്ദ്രം | 36000(2) | 8175; ജി.ഒ (എം.എസ്) 135/2013 /തൊഴിൽ തിയ്യതി 5.11.2013 |
| 2 | ശാന്തി ഹോസ്പിറ്റൽ | നഴ്സ് 36000(3) | 8175; ജി.ഒ (എം.എസ്) 135/2013 /തൊഴിൽ തിയ്യതി 5.11.2013 |
| 3 | വാദി ഹുസ്ന പബ്ലിക്ക് സ്കൂൾ, എളേറ്റിൽ | അധ്യാപകർ 42000(2), | 14.12.2012 ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉള്ള മിനിമം വേതനം- പ്രൈമറി സ്കൂൾ ടീച്ചർക്ക് പ്രതിമാസം- 10000 രൂപയും, സെക്കൻഡറി സ്കൂൾ ടീച്ചർക്ക് പ്രതിമാസം 20000 രൂപയുമാണ് |

| | | | |
|---|---|---|---|
| 4 | പി.വി.എസ്. എച്ച് ആന്റ് എച്ച് തങ്ങൾ മെമ്മോറിയൽ പബ്ലിക്ക് സ്കൂൾ | അധ്യാപകർ 28500(5), 23300(2), 24300(3), 31500(2), 24500(3), 19300(1), 15300(2), 16300(2), 26500(1), 15000(2) | 14.12.2012 ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉള്ള മിനിമം വേതനം- പ്രൈമറി സ്കൂൾ ടീച്ചർക്ക് പ്രതിമാസം- 10000 രൂപയും, സെക്കൻഡറി സ്കൂൾ ടീച്ചർക്ക് പ്രതിമാസം 20000 രൂപയുമാണ് |

മേൽ പ്രകാരമുള്ള ഉത്തരവ് / ഹൈക്കോടതി വിധി എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്ഥാപനഉടമ മിനിമം വേതനം നൽകേണ്ടതാണ് . അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 8/1-11-2016 ന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതനം നല്കണമെന്ന് സ്ഥാപനങ്ങളെ അറിയിക്കുമെന്നും ആയത് പ്രകാരം ലഭിക്കുന്ന വരുമാനം തനത്ഫണ്ടിൽ മുതൽകൂട്ടുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

## 2-4. ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

1) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനു മുമ്പായും, പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസത്തിനു മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇതു പ്രകാരം, വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി 2015 ഫെബ്രുവരി 28നു മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസിനുള്ള അപേക്ഷ സമർപ്പിച്ചത് 2015-16 വർഷാവസാനത്തിലാണ്.

| ക്രമനമ്പർ | അപേക്ഷാ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | കെട്ടിടനമ്പർ | മുൻ വർഷത്തെ ലൈസൻസ് | 2015-16 ലേക്കുള്ള അപേക്ഷ സ്വീകരിച്ച തിയ്യതി | ടി സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ച കാലം |
|---|---|---|---|---|---|---|
| 1 | 144 | പി.മുഹമ്മദ് പി.എം.സ്റ്റോർ | 9/170 | ലഭ്യമല്ല | 15.01.2016 | 9 മാസം 20 ദിവസം |
| 2 | 149 | സുധീഷ്.എസ്.എൻ വൺ ടച്ച് ഇന്റർനെറ്റ് കഫെ | 17/474 | ലഭ്യമല്ല | 18.01.2016 | 9 മാസം 20 ദിവസം |
| 3 | 158 | ബിജു.പി.കെ ബിനാക്ക | 17/330, 17/331 | 152 | 19.2.2016 | 11 മാസം |
| 4 | 161 | അബ്ദുൾ മജീദ്.കെ.പി സ്റ്റേഷനറി | 10/121 | 130 | 1.3.2016 | 11 മാസം |

2) ഡി ആന്റ് ഒ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കുമെന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് (ജി.ഒ.(ആർ.ടി) 795/2007/ ത.സ്വ.ഭ.വ 16.3.2007). സാക്ഷ്യപത്രം ഹാജരാക്കാതെയാണ് പഞ്ചായത്ത് ലൈസൻസുകൾ നൽകുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7/1-11-2016 ന് ലഭ്യമാക്കിയ മറുപടിയിൽ ഡി ആന്റ് ഒ ലൈസൻസിനുള്ള ക്യാമ്പ് നടത്തി പഞ്ചായത്ത് പ്രദേശത്തെ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുന്നതാണെന്നും അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കുമെന്ന സാക്ഷ്യപത്രം

ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി കുടിശ്ശിക

പഞ്ചായത്തിലെ വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം കുടിശ്ശികയായി കിട്ടാനുണ്ട്.

| വർഷം | ഡിമാന്റ് (ലൈബ്രറി സെസ് ഉൾപ്പെടെ) | പിരിവ് | ബാലൻസ് | പിരിവ് ശതമാനം |
|---|---|---|---|---|
| 2012-13 | 66035 | 5270 | 60765 | 7.98% |
| 2013-14 | 206024 | 47758 | 158266 | 23.18% |

2014-15, 2015-16 വർഷങ്ങളിലെ കുടിശ്ശിക വസ്തുനികുതി ,പിരിവ്, എന്നിവ അറിയിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം കുടിശ്ശിക തുക നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/3-11-2016 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട കുടിശ്ശികയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതും പഞ്ചായത്തിന് ഉണ്ടായ നഷ്ടത്തിന് വ്യക്തിപരമായി ബാധ്യസ്ഥർ കൂടിയായിരിക്കുന്നതുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 243(3) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം പഞ്ചായത്തിനു കിട്ടേണ്ടതായ ഏതെങ്കിലും നികുതി (1)ാം ഉപവകുപ്പ് പ്രകാരം കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12 ശതമാനം പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുത്തത് സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-6 തനതുവിഭവ സമാഹരണത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര രീതിയിൽ ശ്രദ്ധ ചെലുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാനവരുമാനങ്ങളിൽ ഒന്നാണ് നികുതിയും, നികുതിയേതര വരുമാനവും ഉൾപ്പെടുന്ന തനതു ഫണ്ട്. മറ്റു ഗ്രാന്റുകളെ അപേക്ഷിച്ച് സ്വന്തം നിലക്ക് ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കാൻ കഴിയുന്നതും, ശമ്പളം ഉൾപ്പടെയുള്ള അനിവാര്യ ചെലവുകൾ നിർവ്വഹിക്കേണ്ടതും ഈ തനതുവരുമാനത്തിൽ നിന്നാണ്. ഇതിന്റെ കുറവ് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും സർക്കാരിന്റെ ഗ്രാന്റുകളെ പരിധിയിൽ കൂടുതൽ ആശ്രയിക്കാൻ കാരണമാകുകയും ചെയ്യും. അതിനാൽ തനതുവരുമാനത്തിന്റെ പരമാവധി സമാഹരണം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുകയും ആ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വികസനത്തിൽ മുതൽ കൂട്ടാവുകയും ചെയ്യും.

ഗ്രാമപഞ്ചായത്തിന്റെ തനതു വിഭവ സമാഹരണത്തിലെ പുരോഗതി സംബന്ധിച്ച കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

I- നികുതി വരുമാനം.

സർക്കാർ നിയമം മൂലം പിരിച്ചെടുക്കാൻ അനുവദിച്ചിട്ടുള്ള നികുതികൾ ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിന്റെ കാര്യക്ഷമമായ പിരിവ് തനതുവരുമാനത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയും ചെയ്യും. താഴെ പറയുന്നവയാണ് പ്രധാന നികുതികൾ.

i) വസ്തു നികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ (എ) i പ്രകാരം നികുതി നിരക്കുകൾ നിർണ്ണയിക്കാനുള്ള അധികാരം സ്റ്റാൻഡിംഗ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, ചുമത്താനുള്ള അധികാരം സെക്രട്ടറിക്കുമാണ്. (വകുപ്പ്- 276 (i)) ഇതുപ്രകാരം തൻവർഷം ചുമത്തിയതും ഈടാക്കാനുള്ളതുമായ വസ്തുനികുതി ഇവയാണ്.

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| വസ്തുനികുതി | 2310681 | 16,45,661 |

ഡിമാന്റ് ചെയ്തതിൽ 665020 രൂപ കുറവായിട്ടാണ് തൻവർഷം ഈടാക്കിയത്. ഈടാക്കിയത് 71.22 % മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ ക്ലറിക്കൽ വിഭാഗത്തിൽ ക്ലർക്കുമാർ ഉണ്ടായിട്ടും മുഴുവൻ പിരിച്ചെടുക്കാത്തത് ആശാസ്യമല്ല.

ii) കെട്ടിടനികുതിയിൻമേൽ സർചാർജ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 208 പ്രകാരം ഏതെങ്കിലും പദ്ധതിക്കോ പ്ലാനിനോ ചെലവഴിച്ച അസാധരണ ചെലവ് നികത്താൻ കെട്ടിടനികുതിയിൻമേൽ 5% സർച്ചാർജ് ചുമത്താം. പഞ്ചായത്ത് പ്രദേശത്ത് ഭാഗികമായോ മുഴുവനായോ ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഈടാക്കാം.

എന്നാൽ ഗവ. ആർട്സ് ആന്റ് സയൻസ് കോളെജ് തുടങ്ങാൻ 50 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടും ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സർചാർജ് ഈടാക്കിയിട്ടില്ല.

iii) സേവനനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 (2); 1995ലെ കേരള പഞ്ചായത്ത് രാജ് സേവനനികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടെയോ, വസ്തുക്കളുടെയോ വാർഷിക മൂല്യത്തിന്റേയോ നിശ്ചിത വരുമാനം സേവനനികുതിയായി ഈടാക്കാവുന്നതാണ്. ശുചിത്വപരിപാലനത്തിന് 1% ലും, ജലവിതരണത്തിന് 2% ലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2% ത്തിലും ഡ്രൈനേജ്, സ്കാവഞ്ചിംഗ് എന്നിവക്ക് 1% ത്തിലും അധികരിക്കാതെ സേവനനികുതി ഈടാക്കാം.

എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സേവനനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

iv) തൊഴിൽനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1); 1995ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാം. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് ഈടാക്കിയ തൊഴിൽനികുതിയുടെ കണക്ക് താഴെ :-

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| തൊഴിൽ നികുതി- ജീവനക്കാർ | 1019610 | 1019610 |
| തൊഴിൽ നികുതി- വ്യാപാരികൾ | 140090 | 140090 |
| ആകെ | 1159700 | 1159700 |

ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 154 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇവരിൽ നിന്നെല്ലാം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് എടുക്കാത്ത വ്യാപാരികളെ എല്ലാവരേയും ലൈസൻസിൽ ഉൾപ്പെടുത്തി തൊഴിൽനികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

v) പ്രദർശന നികുതി

1995 ലെ കേരള പഞ്ചായത്ത് രാജ് (പ്രദർശന നികുതി ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തുന്ന സിനിമ, നൃത്തം, നാടകം, സർക്കസ് എന്നിവയുടെ ഓരോ പ്രദർശനത്തിനായും നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ വരവില്ല.

vi) പരസ്യനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം ഏതെങ്കിലും തരത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നികുതി ഗ്രാമപഞ്ചായത്തിൽ കൊടുക്കേണ്ടതാണ്.

എന്നാൽ, ഇത്തരത്തിൽ ഒരു നികുതി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

II നികുതിയേതര വരുമാനം.

ഗ്രാമപഞ്ചായത്തിൽ നികുതിവരുമാനം പോലെ തന്നെ പ്രധാനപ്പെട്ടതാണ്. ഫീസ് & യൂസർ ചാർജസിൽ നിന്നാണ് ഇത് ഈടാക്കുന്നത്. പ്രധാനമായും, ഡി & ഒ ലൈസൻസ്, സർട്ടിഫിക്കറ്റ് ഫീസുകൾ എന്നിവയാണ് ഈ ഇനത്തിലുള്ള വരവ്.

1) ഡി & ഒ ലൈസൻസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ (3) പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടിക I പ്രകാരമുള്ള ഏതൊരു സ്ഥാപനവും, കൂടാതെ റസ്റ്റോറന്റുകൾ, ഭക്ഷണശാലകൾ, ഹോട്ടലുകൾ, കാപ്പിക്കടകൾ, ചായക്കടകൾ, എന്നിവയോ ബാർബർ ഷോപ്പുകളോ നടത്തുന്നതിനും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിൽ നിന്നുമുള്ള അനുമതിപത്രം വാങ്ങേണ്ടതാണ്. ഇതിന് ചട്ടം (7) പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.

2015-16 വർഷം 185 സ്ഥാപനങ്ങൾ മാത്രമാണ് ഇത്തരത്തിൽ ലൈസൻസ് കൈപ്പറ്റിയത്. ചട്ടം (10) പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു 30 ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും, പുതിയ സ്ഥാപനങ്ങൾ ആണെങ്കിൽ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായും ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

എന്നാൽ നിയമം അനുസരിച്ച് ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ 16 എണ്ണം മാത്രമേ ഉള്ളൂ. ബാക്കി 169 സ്ഥാപനങ്ങൾ സാമ്പത്തിക വർഷം തുടങ്ങിയതിനു ശേഷമാണ് പുതുക്കൽ ആരംഭിച്ചത്. ഏപ്രിൽ ഒന്നിനു ശേഷം പ്രവർത്തിച്ച ഈ സ്ഥാപനങ്ങൾ നിയമപ്രകാരമല്ല പ്രവർത്തനം നടത്തിയത്.

184 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തത്. എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

തനതുത് ഫണ്ട് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ക്രസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റ് പ്രവർത്തനം സംബന്ധിച്ച്

പഞ്ചായത്തിലെ V I I /404 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്രസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റിന് 31/10/2015 ലെ 97/2015-16/B3 പ്രകാരം ലൈസൽസ് പുതുക്കി 150 HP മോട്ടോർ ഉപയോഗിച്ച് ക്രഷർ നടത്താൻ അനുമതി നൽകിയിട്ടുണ്ട്.

ജനജീവിതത്തിനും പരിസ്ഥിതിയ്ക്കും അപകടകരമായതിനാൽ ഈ പ്രദേശത്ത് നിന്ന് ക്രഷർ മാറ്റുന്നതിന് നാട്ടുകാർ 22-07-2015 ൽ പരാതി സമർപ്പിച്ചിരുന്നു. ഈ പരാതികളിൽ പരിശോധന നടത്തുന്നതിനായി

14-12-2015 ൽ ഒരു ഉപസമിതി രൂപീകരിച്ചു. ക്രഷർ പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ഉപസമിതി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ഉപസമിതി റിപ്പോർട്ട്, നാട്ടുകാരുടെ പരാതി എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 17-03-2016 ലെ 26ാം നമ്പർ തീരുമാന പ്രകാരം സ്ഥാപനം നിർത്തി വയ്ക്കുന്നതിന് B3/4409/16/17-03-2016 നമ്പർ കത്ത് പ്രകാരം സ്ഥാപനത്തിന് നോട്ടീ സ് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ടതുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 2-8 പൊളിച്ചു മാറ്റിയ ഓട് ലേലം ചെയ്ത് വിറ്റില്ല.

ചളിക്കോട് അങ്കണവാടി കെട്ടിടം (ICDS -47) കോൺക്രീറ്റ് ചെയ്യുമ്പോൾ പൊളിച്ചു മാറ്റിയ ഓട് ലേലം ചെയ്ത് വിൽക്കുന്നതിന് 19-09-2015 ൽ ചേർന്ന ഭരണ സമിതി സെക്രട്ടറിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. (തീരുമാനം നമ്പർ 5(5). ഇതിൻമേൽ നടപടിയൊന്നും എടുത്തിട്ടില്ല. തനത് വരുമാനം വർദ്ധി പ്പിക്കാനുള്ള ഇത്തരം നടപടികളിൽ വീഴ്ച വരുത്തിയത് ഭരണസമിതിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ആസൂത്രണവും നടപ്പാക്കലും യഥാസമയം നടക്കുന്നില്ല.

2015-16 വർഷം ഉത്പാദന മേഖലയിൽ കൃഷിയിൽ 9 പ്രൊജക്ടുകൾ തയ്യാറാക്കി യിട്ടുണ്ട്. ഇതിൽ 9ഉം നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതികളെല്ലാം നടപ്പാക്കിയത് സാമ്പത്തിക വർഷം തീരാറായപ്പോഴും, വളം വിതരണം പോലുള്ള പ്രൊജക്ടുകൾ നടപ്പാക്കിയത് കാലവർഷം കഴിഞ്ഞപ്പോഴുമാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭകൾ ജൂലൈ 30 ന് സമാപിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത് 3.10.2015 നാണ്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ലിസ്റ്റ് കൈമാറിയത് ഇതിനുശേഷവും. അതിനാൽ വളം വിതരണം അടക്കമുള്ള പ്രൊജക്ടുകൾ കൃഷി ഓഫീസർക്ക് ചെയ്യാനായത് നവംബർ, ഡിസംബർ മാസങ്ങളിലാണ്. കാലവർഷം കഴിഞ്ഞതിനു ശേഷം വളം വിതരണം ചെയ്തതിനാൽ ഉദ്ദേശിച്ച ഫലം ലഭിക്കില്ല. കൃഷി ഓഫീസറുടെ എല്ലാ പ്രൊജക്ടുകളും ചെയ്ത് തുടങ്ങിയത് നവംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിൽ വൈകിയതും, ഗ്രാമസഭകൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയതിലും വളരെ കാലതാമസം നേരിട്ടിട്ടുണ്ട്. ഇതിനാൽ പദ്ധതി നിർവ്വഹണത്തിന് ചുരുങ്ങിയ കാലയളവേ ലഭിക്കുന്നുള്ളു. ഗ്രാമസഭകൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ പോലും അംഗീകരിച്ചു നൽകിയതിൽ വലിയ കാലതാമസം നേരിട്ടതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം . 5 തി. 2/11/2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 പത്ര പരസ്യത്തിന് നിബന്ധനകൾ പാലിക്കാതെ പരസ്യചാർജ്ജിനത്തിൽ അധിക തുക നൽകുന്നു.

പ്രൊജക്റ്റ് നം- എസ്.ഒ124 / 2015-16

പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവ്

അടങ്കൽ- 100000 രൂപ (വികസന ഫണ്ട് -ജനറൽ)

750000 രൂപ (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രങ്ങളിൽ നല്കുന്നതിന് പണം ചെലഴിച്ചിട്ടുണ്ട് . ഇതിനായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ, പത്ര പരസ്യങ്ങൾ എന്നിവ പരിശോധിച്ചതിൽ പത്ര പരസ്യത്തിന് പരസ്യത്തിന്റെ നീളം സെന്റീ മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കുന്നതിന് പകരം സെന്റീമീറ്ററിൽ കണക്കാക്കിയാണ് തുക നൽകിയിട്ടുള്ളത്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് പരസ്യ

ചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ പരസ്യ തിയ്യതി | അനുവദിച്ചതുക | ഡി.ഡി.നംമ്പർ തിയ്യതി |
|---|---|---|
| ചന്ദ്രിക പത്രം 1621/12-08-2015 | 8 സെ.മീ. വീതി x 6സെ.മീ. നീളം<br>=48 x 75(നിരക്ക്)=3600 രൂപ | 696509/29-12-2015<br>Rs.36000/- |
| ചന്ദ്രിക പത്രം 1281/18-07-2015 | 8 സെ.മീ. വീതി x 6സെ.മീ. നീളം<br>=48 x 75(നിരക്ക്)=3600 രൂപ | |
| ചന്ദ്രിക പത്രം 1327/23-07-2015 | 8 സെ.മീ. വീതി x 8സെ.മീ. നീളം<br>=64 x 75(നിരക്ക്)=4800 രൂപ | |
| ചന്ദ്രിക പത്രം 1578/08-08-2015 | 8 സെ.മീ. വീതി x 12സെ.മീ. നീളം<br>=96 x 75(നിരക്ക്)=7200 രൂപ | |
| ചന്ദ്രിക പത്രം 1810/27-08-2015 | 8 സെ.മീ. വീതി x 6സെ.മീ. നീളം<br>=48 x 75(നിരക്ക്)=3600 രൂപ | |
| ചന്ദ്രിക പത്രം 2122/24-09-2015 | 8 സെ.മീ. വീതി x11സെ.മീ. നീളം<br>=88 x 75(നിരക്ക്)=6600 രൂപ | |
| ചന്ദ്രിക പത്രം 1924/08-09-2015 | 8 സെ.മീ. വീതി x11സെ.മീ. നീളം<br>=88 x 75(നിരക്ക്)=6600 രൂപ | |
| മാതൃഭൂമി പത്രം 60658206/18-07-2015 | 8 സെ.മീ. വീതി x4സെ.മീ. നീളം<br>=32 x 192(നിരക്ക്)=6144 രൂപ | 696510/29-12-2015<br>Rs.46464/- |
| മാതൃഭൂമി പത്രം 60660447/23-07-2015 | 8 സെ.മീ. വീതി x5സെ.മീ. നീളം<br>=40 x 240(നിരക്ക്)=9600 രൂപ | |
| മാതൃഭൂമി പത്രം 6067197/08-08-2015 | 8 സെ.മീ. വീതി 10xസെ.മീ. നീളം<br>=80 x 192(നിരക്ക്)=15360 രൂപ | |
| മാതൃഭൂമി പത്രം 60674820/12-08-2015 | 8 സെ.മീ. വീതി x5സെ.മീ. നീളം<br>=40 x 192(നിരക്ക്)=7680 രൂപ | |
| മാതൃഭൂമി പത്രം 60684591/27-08-2015 | 8 സെ.മീ. വീതി x5സെ.മീ. നീളം<br>=40 x 192(നിരക്ക്)=7680 രൂപ | |
| മാതൃഭൂമി പത്രം 60804918/03-03-2016 | 3.9 സെ.മീ. വീതി x3സെ.മീ. നീളം<br>=11.7 x 192(നിരക്ക്)=2246 രൂപ | 405250/08-04-2016<br>Rs. 9926/- |
| മാതൃഭൂമി പത്രം 60757912/20-12-2015 | 8 സെ.മീ. വീതി x5സെ.മീ. നീളം<br>=40 x 192(നിരക്ക്)=7680 രൂപ | |
| ചന്ദ്രിക പത്രം 3874/18-02-2016 | 8 സെ.മീ. വീതി x 8സെ.മീ. നീളം<br>=64 x 75(നിരക്ക്)=4800 രൂപ | 405249/08-04-2016<br>Rs.20400 |
| ചന്ദ്രിക പത്രം 3872/18-02-2016 | 8 സെ.മീ. വീതി x 10സെ.മീ. നീളം | |

| | | |
|---|---|---|
| | =80 x 75(നിരക്ക്)=6000 രൂപ | |
| ചന്ദ്രിക പത്രം 3873/18-02-2016 | 8 സെ.മീ. വീതി x 6സെ.മീ. നീളം<br>=48 x 75(നിരക്ക്)=3600 രൂപ | |
| ചന്ദ്രിക പത്രം 4109/2-03-2016 | 8 സെ.മീ. വീതി x 10സെ.മീ. നീളം<br>=80 x 75(നിരക്ക്)=6000 രൂപ | |

നിബന്ധനകൾ പാലിക്കാതെ പരസ്യചാർജിനത്തിൽ അധികം നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 3-3 കോൺക്രീറ്റ് പ്രവർത്തികൾക്ക് തെറ്റായ നിരക്ക് അനുവദിക്കുന്നു

കോൺക്രീറ്റ് പ്രവർത്തികൾക്ക് CPWD Delhi Shedule of rate Analysis 2014 പ്രകാരം Sub Head 4 -1-3 പ്രകാരമുള്ള നിരക്കിലാണ് cement concreat pavement with 1: 2: 4 (1 cement;2 course sand ; 4 graded stone aggregate 20mm nominal size including finishing completed) എന്ന ഇനം പ്രവർത്തി ചെയ്യേണ്ടത് . എന്നാൽ ഇവിടെ നടത്തിയിട്ടുള്ള കോൺക്രീറ്റ് പ്രവർത്തികളിൽ flooring നായുള്ള sub head 11 ലെ 11-7 പ്രകാരമുള്ള 1: 2: 4 ന്റെ അടിസ്ഥാന നിരക്കായ 5759.20/ M3 ആണ് എടുത്തിട്ടുള്ളത്.

4-1-3 sub head പ്രകാരം അർഹതയുള്ള നിരക്ക്

| code | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0295 | Stone aggregate single size20 mm nominal size | cum | .670 | 1175 | 787.25 |
| 0297 | Stone aggregate 10 mm nominal size | cum | .220 | 1175 | 258.5 |
| 2202 | Carriage of stone aggregate size below 40 mm nominal size | cum | .890 | 106.49 | 94.78 |
| 0982 | Coarse sand (Zone III) | cum | .445 | 1200 | 534 |
| 2203 | Carriage of coarse sand | cum | .445 | 106.49 | 47.39 |
| 0367 | Port land cement(0.2225cum) | tonne | .320 | 6300 | 2016 |
| 2203 | Carriage of cement | tonne | .320 | 94.65 | 30.29 |
| 0155 | Mason (average) | day | .100 | 417 | 41.70 |
| 0114 | belder | day | 1.630 | 329 | 536.27 |
| 0101 | bhisti | day | .700 | 363 | 254.1 |
| 0002 | Hire charge of concreat mixure .25to.40 cum.. | day | .070 | 800 | 56 |
| 0012 | Vibrator needle type 40mm | day | .700 | .350 | 24.50 |
| 9999 | Sundries (LS) | | 14.300 | 1.78 | 25.45 |
| total | | | | | 4706.23 |
| Add water charge @ 1% | | | | | 47.06 |
| total | | | | | 4753.29 |
| Add CPOH 15% | | | | | 712.99 |
| Cost of 1 cum | | | | | 5466.3 |
| 5466.3 X 1.381(cost indux..) | | | | | 7548.96 |
| 1m3 ന് കരാറുകാരന് അർഹതയുള്ള തുക | | | | | 7548.96 |
| അനുവദിച്ചതുക (5759.20 X 1.381) | | | | | 7953.46 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൻവർഷം അധികനിരക്ക് അനുവദിച്ച പ്രവർത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തി | അളവ് | അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എസ്.ഒ.60/15-16 കൊറോമ്പിലാക്കിൽ ഫുഡ് പാത്ത് കോൺക്രീറ്റ് | 6.10 m3<br>എം. ബുക്ക് 165/14-15<br>പേജ്-4) | 6.80 X 7548.96 = 51333 | 6.80 X 7953.46 = 54084 | 2751<br>(ബിൽ നം.40/31-12-2015) |

2751 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

## 3-4 വാർഷിക ധനകാര്യ പത്രിക ആവശ്യാർത്ഥം രജിസ്റ്ററുകൾ തയ്യാറാക്കാൻ വേതനം നൽകി.

വൗച്ചർ നം. 21500091/തി. 27.05.2015

തുക. 4400 രൂപ (തനതു ഫണ്ട്)

മേൽ പറഞ്ഞ വൗച്ചർ നം പ്രകാരം 4400 രൂപ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക ആവശ്യാർത്ഥം ഓഫീസിലെ വിവിധ രജിസ്റ്ററുകൾ തയ്യാറാക്കാൻ എന്ന് കാണിച്ച് വേതനം നൽകിയിട്ടുണ്ട്. ഇത് എൻ എം ആർ വ്യവസ്ഥയിൽ 11 ദിവസം 400 രൂപ നിരക്കിലാണ് (2015 ഏപ്രിൽ 16 മുതൽ 28 വരെ ) നൽകിയത്.

സർക്കാർ നിർദ്ദേശം ഇല്ലാതെ വാർഷിക ധനകാര്യ പത്രിക ആവശ്യാർത്ഥം രജിസ്റ്ററുകൾ തയ്യാറാക്കാൻ വേതനം നൽകിയത് അനുവദിക്കാവുന്നതല്ല. ഇതിനായി ചെലവഴിച്ച 4400 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ലാപ്പ് ടോപ്പ് നൽകി

പ്രൊജക്ട് നം- എസ്.ഒ.248 / 2015-16

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്

അടങ്കൽ- 221100 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ്- 156000/- ബിൽ നം.07/2015-16/23-03-2015

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവരം ഉയർത്തുന്നതിനാണ് പദ്ധതി നടപ്പിലായി ട്ടുള്ളത് . ടെണ്ടർ നടപടികളിലൂടെ next tech computers എന്ന സ്ഥാപനത്തിൽ നിന്ന് 6 കമ്പ്യൂട്ടറുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട് . രേഖകൾ പരിശോധിച്ചതിൽ 3 കമ്പ്യൂട്ടറുകൾ ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെയാണ് നല്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | റിമാർക്സ് |
|---|---|---|
| ആതിര. എ.കെ | 17 | ഗ്രാമ സഭാലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾ. ഗ്രാമ സഭാ മിനട്സ് പ്രകാരം ഓരോ വാർഡിലും ധാരാളം ഗുണഭോക്താക്കളുണ്ട് |
| അഖിൻ. എം.കെ | 13 | |
| നീതു. എൻ.കെ | 16 | 2014-15 ൽ പഠനം പൂർത്തിയാക്കിയ വിദ്യാർ ത്ഥിനി. കെ. എം.ഒ.കോളേജ് പ്രിൻസിപ്പാൾ 28-09-2015 ൽ നൽകിയ സർട്ടിഫിക്കറ്റിൽ ഇത് വ്യക്തമാണ്. (ഒരു വർഷ B Ed course) |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 3 കമ്പ്യൂട്ടറുകളുടെ വിലയായ 78000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-6 ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ടത്ര പരിഗണന നൽകുന്നില്ല

ഗ്രാമങ്ങളിലെ നിരാശ്രയരും നിരാലംബരുമായ കുടുംബങ്ങളുടെ പുനരധിവാസത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ജി ഒ (എം എസ്) 71/2003/പ്ലാനിംഗ്/ 12.11.2003 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ പ്രൊജക്റ്റുകൾ തയ്യാറാക്കുകയും, ഇവർക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, പെൻഷൻ, വിദ്യാഭ്യാസം, കിടപ്പാടം, വീട്, ശുദ്ധജലം, ശുചിത്വ സംവിധാനങ്ങൾ, തൊഴിൽ എന്നിവ ഉറപ്പു വരുത്തുകയും ചെയ്യണം. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ സർവ്വേ നടത്തുകയും 47 കുടുംബങ്ങളെ ഇതിൽ അംഗങ്ങളാക്കുകയും ചെയ്തു. സ. ഉ. (എം എസ്) 362/13 തസ്വഭവ തി. 16.11.2013 പ്രകാരം ആശ്രയ രണ്ടാം ഘട്ട പ്രൊജക്റ്റ് തയ്യാറാക്കേണ്ടതാണ്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് 87 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആശ്രയ രണ്ടാം ഘട്ട പ്രൊജക്റ്റ് തയ്യാക്കി. (2014-17 വർഷം) ഈ രണ്ട് പ്രൊജക്റ്റുകളിലും അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ട ഗുണഭോക്താക്കളുടെ വിവരം താഴെ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ഗുണഭോക്താക്കളുടെ എണ്ണം- ഒന്നാം ഘട്ടം | ഗുണഭോക്താക്കളുടെ എണ്ണം- രണ്ടാം ഘട്ടം |
|---|---|---|---|
| 1 | വീട് | 16 | 14 |
| 2 | വീട് റിപ്പയർ | 7 | 27 |
| 3 | കുടിവെള്ളം | 8 | 16 |
| 4 | കക്കൂസ് | 2 | |
| 5 | ഭൂമി | | 2 |

2003 മുതൽ നിരവധി ഭവന നിർമ്മാണപ്രൊജക്റ്റുകളും, 2009 മുതൽ ഇ എം എസ് സമ്പൂർണ്ണ ഭവന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. 2011- 12 മുതൽ നടപ്പാക്കിയ വീടുകളുടെ എണ്ണം താഴെ.

| ഇനം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | ആകെ |
|---|---|---|---|---|---|---|
| IAY | 42 | 32 | 52 | 55 | 57 | 238 |
| Gen. | 3 | 9 | 18 | 18 | 19 | 67 |
| EMS | | | | | | 126 |
| | ആകെ | | | | | 431 |

ഇ എം എസ് ഭവന പദ്ധതി അടക്കം 431 വീടുകൾ ഈ കഴിഞ്ഞ 5 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടും ആശ്രയ ഗുണഭോക്താക്കളിൽ മുഴുവൻ പേർക്കും വീട് നൽകിയിട്ടില്ല.

താഴെ പറയുന്നവർക്ക് ഇനിയും ധനസഹായം ലഭിക്കാനുണ്ട്.

| ക്രമ നം | ഇനം | ഗുണഭോക്താക്കളുടെ എണ്ണം- ഒന്നാം ഘട്ടം | ഗുണഭോക്താക്കളുടെ എണ്ണം- രണ്ടാം ഘട്ടം |
|---|---|---|---|
| 1 | വീട് | 7 | 14 |
| 2 | വീട് റിപ്പയർ | 14 | 27 |

2015-16 വർഷത്തിൽ 2 ലക്ഷം രൂപ ആശ്രയ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. (പ്രൊജ. നം- 197/16) 6 പേർക്ക് ഭവന പുനരുദ്ധാരണത്തിനും, ഒരാൾക്ക് കിണർ നിർമ്മാണത്തിനും, 2 പേർക്ക് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടാനും, 3 പേർക്ക് കക്കൂസ് നിർമ്മാണത്തിനും തുക നൽകി. എന്നാൽ മുൻ വർഷങ്ങളിലൊന്നും ഇതിനായി ഒരു തുകയും നീക്കിവെച്ചിരുന്നില്ല. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷണം മാത്രം നൽകിയിട്ടുണ്ട്.

ഇത്രയും നിരാലംബരും, നിരാശ്രയരും ഉണ്ടായിട്ടും ഇവർക്കായി പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടും യഥാ സമയം ഫണ്ട് വകയിരുത്താതെ,ഇത്തരക്കാരുടെ പുരോഗതിയിൽ താല്പര്യം പ്രകടിപ്പിക്കാത്തത് ശരിയായ നടപടിയല്ല. ഈ കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളുടെ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 <u>പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>

പ്രൊജക്ട്- പ്രത്യേക കന്നുകുട്ടി പരിപാലനം

നം- 136/16

അടങ്കൽ- 12,50,000 രൂപ (വി. ഫ. 3,12,500; സംസ്ഥാന വിഹിതം- 3,12,500; ഗ്ര വി. 6,25,000)

ചെലവ്- 312500 രൂപ (ബിൽ നം. 12501173/ 18.03.2016)

പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിക്കായി മേൽ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് വിനിയോഗിച്ചതു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 312500 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 <u>അംഗൻവാടികളിലെ പൂരക പോഷകാഹാരം - ആവശ്യത്തിനുള്ള തുക ഗ്രാമപഞ്ചായത്ത് വകയിരുത്തുന്നില്ല</u>

2015-16 വർഷത്തിൽ 17,50,000 രൂപ അടങ്കൽ ആയി പ്രൊജക്ട് വെച്ചിട്ടുണ്ട്. ഇതിൽ 11,00,000 രൂപ തനതു ഫണ്ടും, 6,50,000 രൂപ കേന്ദ്ര വിഹിതവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വർഷം എസ് സി പൂരക പോഷകാഹാരത്തിനായി 3,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. 2014-15 വർഷത്തിൽ വകയിരുത്തിയ തുക തികയാതിരുന്നപ്പോൾ ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും 7,27,321 രൂപ നൽകുകയും, ഈ തുക ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 2015-16 വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും തിരിച്ച് തനതു ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തു.

2016-17 വർഷത്തിൽ 15,00,000 രൂപ അടങ്കൽ ആയി പ്രൊജക്ട് വെച്ചിട്ടുണ്ട്. ഈ വർഷവും എസ് സി പൂരക പോഷകാഹാരത്തിനായി 3,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷത്തിൽ ജൂലൈ മാസം വരെ പോഷകാഹാരം വിതരണം ചെയ്ത വകയിൽ 12,86,125 രൂപ ചെലവഴിച്ചു. ഇനി തുടർന്നുള്ള 7 മാസത്തേക്ക് ഈ ആവശ്യത്തിനുള്ള തുക തികയില്ലെന്ന് കാണിച്ച് ഐ സി ഡി എസ് സൂപ്പർവൈസർ ഗ്രാമപഞ്ചായത്തിന് 26.08.2016 -ൽ കത്ത് നൽകിയിട്ടുണ്ട്.

7.10.2016 ന് ഐ സി ഡി എസ് സൂപ്പർവൈസർ ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ ഈ ആവശ്യത്തിന് വകയിരുത്തിയ തുകയിൽ ഒരു ലക്ഷം രൂപ മാത്രമേ ബാക്കിയുള്ളൂ എന്നും 6 മാസം മുതൽ 3 വയസ് വരെയുള്ള കുട്ടികൾക്ക് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഭക്ഷണ സാധനങ്ങൾ ലഭിച്ചിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രീ സ്കൂൾ കുട്ടികൾക്കും അമ്മമാർക്കും അടുത്ത മാസത്തേക്ക് കൊടുക്കുവാൻ അംഗൻവാടികളിൽ മിക്കവയിലും

ഭക്ഷണസാധനങ്ങൾ ഇല്ലെന്നും. നവംബർ മാസം മുതൽ അംഗൻവാടികളിൽ പോഷകാഹാര വിതരണത്തിന് തടസ്സം ഉണ്ടാവാതിരിക്കാൻ ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ടും, തീരുമാനവും തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 29 അംഗൻവാടികളിലായി രജിസ്ററർ ചെയ്തവരിൽ 6 മാസം മുതൽ 3 വയസ് വരെയുള്ള 503 കുട്ടികളും, 3 വയസ് മുതൽ 6 വയസ് വരെയുള്ള 393 കുട്ടികളും, കൗമാരപ്രായക്കാരായപെൺകുട്ടികൾ 28 ഉം, പാലൂട്ടുന്നവർ 249ഉം ഗർഭിണികൾ 297ഉം ആണ് ഉള്ളത്.

സ.ഉ (എം എസ്) 362/13 തസ്വഭവ തി. 16.11.2013 ഖ. 8 (1)പ്രകാരം വികസന ഫണ്ടിൽ നിന്നും നിർബന്ധമായും അംഗൻവാടി പോഷകാഹാര പ്രൊജക്ടുകൾക്ക് ആവശ്യത്തിനുള്ള തുക വകയിരുത്തിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം തുക വകയിരുത്തുകയും, പൂരക പോഷകാഹാരത്തിന് അവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി സുഗമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-9 <u>തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയില്ല</u>

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് ഇതുവരെയായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. 2015-16 വർഷം തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജായി പ്രതിമാസം 30452 രൂപ വീതം പ്രതി വർഷം 3,65,424 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ മീറ്റർ വെക്കാത്തതിനാൽ ഒരേ തുകയാണ് ഓരോ മാസവും അടവാക്കിയത്. ഇത് ഗ്രാമ പഞ്ചായത്ത് കാലാകാലങ്ങളിൽ സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം നോക്കിയാണ് നിരക്ക് നിശ്ചയിക്കുന്നത്. ഇതിൽ സ്ഥിരമായി കത്താത്തവയ്ക്കും വൈദ്യുതി ചാർജ് അടവാക്കേണ്ടി വരുന്നുണ്ട്. ഇതിൽ പ്രവർത്തനരഹിതമായതിന്റെ കണക്ക് സംയുക്ത പരിശോധന നടത്തി തയ്യാറാക്കിയിട്ടില്ല .

സർക്കുലർ നമ്പർ 65529/ഡി സി 3/12 തസ്വഭവ തിയ്യതി 12.03.2012 പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കേണ്ടതും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ഉണ്ടാകുന്ന പാഴ്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

മീറ്റർ സമ്പ്രദായം ഏർപ്പെടുത്താതെ വൻതുക തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ അടവാക്കുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ വലിയ കുറവുണ്ടാകുന്നു. മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുകയാണ് ഇങ്ങനെ കെ എസ് ഇ ബി ക്ക് അടവാക്കേണ്ടി വരുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-10 <u>പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ കാര്യത്തിൽ ഐ കെ എം പ്രവർത്തനം തൃപ്തികരമല്ല.</u>

സർക്കാരിന്റെ 29.05.2009 ലെ ജി ഒ (ആർ ടി) നം 1265/09/ LSGD ഉത്തരവ് അനുസരിച്ച് ഓരോ ഗ്രാമ പഞ്ചായത്തും വർഷത്തിൽ 20,000 രൂപ വീതം അടവാക്കണം. ഇതു പ്രകാരം എല്ലാ വർഷവും ഐ കെ എം ന് പണം നൽകിയിട്ടുണ്ട്. സ ഉ (സാധാ) നം 1228/2016/ തസ്വഭവ തി. 08.03.2016 അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളും, മുനിസി പ്പാലിറ്റികളും, കോർപ്പറേഷനുകളും അവയ്ക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25 % ഐ കെ എം ന്റെ പ്രവർത്തനത്തിനു വേണ്ടി നിർബന്ധമായും നീക്കിവെക്കേണ്ടതാണെന്ന് വ്യക്തമാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച സോഫ്റ്റ് വെയറുകളുടെ നിലവിലുള്ള അവസ്ഥ താഴെ കൊടുക്കുന്നു.

| ക്രമ നം | സോഫ്റ്റ് വെയർ ഇനം | ഇപ്പോഴത്തെ പ്രവർത്തനം |
|---|---|---|
| 1 | സേവന സിവിൽ രജിസ്ട്രേഷൻ | പ്രവർത്തിക്കുന്നു |
| 2 | സേവന പെൻഷൻ | പ്രവർത്തിക്കുന്നു |
| 3 | സാംഖ്യ | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 4 | സൂചിക-ഫ്രണ്ട് ഓഫീസ് | പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നില്ല |
| 5 | സുലേഖ- പ്ലാൻ | പ്രവർത്തിക്കുന്നു. |
| 6 | സചിത്ര- ആസ്തി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടില്ല |
| 7 | സ്ഥാപന- ശമ്പളം | പ്രവർത്തിക്കുന്നു. |
| 8 | സഞ്ചയ- വസ്തുനികുതി | സാംഖ്യയുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി അടവ് ഓൺലൈൻ അടക്കാൻ കഴിയില്ല. |

മുകളിൽ പറഞ്ഞ സോഫ്റ്റ് വെയറുകൾ അതിന്റെ പരിപൂർണ്ണമായ അവസ്ഥയിൽ പ്രവർത്തിക്കുന്നില്ല. അതേ പോലെ, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് വിവരങ്ങൾ ഒന്നും കാലികമല്ല. വെബ്സൈറ്റിൽ വിവരങ്ങൾ ലഭിക്കാതിരിക്കുകയോ ലഭിക്കുന്ന വിവരങ്ങൾ കാലികമായതോ അല്ല. ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടില്ല.

സാംഖ്യ സോഫ്റ്റ് വെയറിൽ ഉള്ള അപാകതകൾ കാരണം പദ്ധതിചെലവിൽ ചിലപ്പോൾ വ്യത്യാസം വരുന്നുണ്ട്. സുലേഖയുമായി ഓട്ടോമറ്റിക് ആയല്ല സാംഖ്യ പ്രവർത്തിക്കുന്നത്. സാംഖ്യയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രവൃത്തിയിൽ നിന്നും ഈടാക്കുന്ന വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുന്നില്ല.

സഞ്ചയയിൽ വസ്തു നികുതി കണക്കാക്കിയതിൽ ചിലതിൽ തെറ്റുണ്ട്. നികുതി അടവാക്കിയതിൽ ചിലത് വീണ്ടും അടവാക്കാത്തതായി കാണിക്കുന്നു. ഇതിനാൽ പണം അടവാക്കിയവർ വീണ്ടും അടവാക്കാൻ ഉള്ളതായി കാണിക്കുന്നു . ഓൺലൈൻ ആയി നികുതി അടവാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കൂടാതെ പോസ്റ്റിംഗ് നടത്തിയ കെട്ടിടങ്ങൾക്ക് വീണ്ടും ഡിമാന്റ് ചെയ്യാനുണ്ടെന്ന് കാണിക്കുന്നു.

ഐ കെ എം ആവശ്യപ്പെടുന്ന പണം നൽകിയിട്ടും സോഫ്റ്റ് വെയറുകൾ പൂർണ്ണ തോതിൽ ജനങ്ങൾക്കും, പഞ്ചായത്തിനും ഉപകാരപ്രദമാകുന്നില്ല. ഇക്കാര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-11 ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് സംബന്ധിച്ച വിവരം ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിന്റെ കിഴക്കേ അതിര് പൂനൂർ പുഴയാണ്. പുഴയോട് അനുബന്ധിച്ചും അല്ലാതെയും ഉള്ള പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരവും, കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 218 (1) പ്രകാരം ഈ

നിയമം നിലവിൽ വന്നതിനു ശേഷം എല്ലാ പൊതുജല മാർഗങ്ങളും, നദികളുടെ തീരങ്ങളും, ചെറു പുഴകളും, തോടുകളും, തടാകങ്ങളും, കായലുകളും മുതലായവയോട് ചേർന്നു കിടക്കുന്ന സ്വകാര്യ വസ്തു അല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തു പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതുമാകുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമി സംബന്ധിച്ച വിവരവും, ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇതേ നിയമം വകുപ്പ് 279 (1), (2), (3) പ്രകാരവുമുള്ള വിവരവും കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇത് തയ്യാറാക്കി വിവരം എത്രയും പെട്ടെന്ന് വിവരം അറിയിക്കേണ്ടതാണ്.

## 3-12 പാലിയേറ്റീവ് പരിചരണ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭിച്ചില്ല

പ്രൊജക്ട് നം- എസ്.ഒ.07 / 2015-16

അടങ്കൽ- 250000 രൂപ (വികസന ഫണ്ട് ജനറൽ)

500000 രൂപ (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പദ്ധതികൾക്കായി ബിൽ നം.04/2015-16/29-03-2016 പ്രകാരം പിൻവലിച്ച 117600 രൂപയിൽ 32200 രൂപ കാരുണ്യ ഫാർമസിയിൽ നിന്ന് മരുന്ന് വാങ്ങുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. ഡി.ഡി. നം. 405061/07-04-2016 പ്രകാരം ഈ തുക കാരുണ്യ ഫാർമസിയ്ക്ക് നല്കിയിട്ടുണ്ട്.

മരുന്നിന്റെ സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചു, പർച്ചേസ് ഓർഡർ പ്രകാരം ലഭിയ്ക്കേണ്ട മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല (PRF-49/26-02-2016, invoice തുക-32200). ലഭിച്ച മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തിയ്യതി | തുക |
|---|---|
| 569/9-04-2016 | 10882 |
| 3565/02-06-2016 | 14815 |
| 11065/16-10-2016 | 3620 |
| ആകെ | 29320 |

2880/- രൂപയുടെ മരുന്നു കൂടി ലഭിക്കാനുണ്ട് (32200-29320).നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 1 /2015-16) മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ഉടനെ ലഭ്യമാക്കുമെന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിയ്ക്കാൻ കാലതാമസം നേരിടുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.2880 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 പാലിയേറ്റീവ് പരിചരണ പദ്ധതി - വാങ്ങിയ ഇന്ധനം വാഹനത്തിൽ നിറച്ചില്ല

പ്രൊജക്ട് നം- എസ്.ഒ.07 / 2015-16

അടങ്കൽ- 250000 രൂപ (വികസന ഫണ്ട് ജനറൽ)

500000 രൂപ (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പദ്ധതികൾക്കായുള്ള വാഹനത്തിൽ (KL 11 AS 9009) ഇന്ധനം നിറച്ചതിനുള്ള വിലയായി ബിൽ നം.01/2015-16/25-09-2015 പ്രകാരം പിൻവലിച്ച 29000 രൂപയിൽ 5500 രൂപ P.K Fuels എന്ന സ്ഥാപനത്തിന് ഡി.ഡി. നം.693576/28-09-2015 പ്രകാരം നല്കിയിട്ടുണ്ട്.

വാഹനത്തിന്റെ ലോഗ് പരിശോധിച്ചു. താഴെ പറയുന്ന തിയ്യതികളിൽ വാങ്ങിയിട്ടുള്ള 3000 രൂപയുടെ ഇന്ധനം വാഹനത്തിൽ നിറച്ചിട്ടില്ല.

| തിയ്യതി | തുക |
|---|---|

| | |
|---|---|
| 15-05-2015 | 1000 |
| d)22-05-2015 | 1000 |
| 12-06-2015 | 1000 |
| ആകെ | 3000 |

ലോഗ് ബുക്ക് പേജ് 11 പ്രകാരം 27-04-2015 നശേഷം 22-06-2015 ന മാത്രമാണ് വാഹനത്തിൽ ഇന്ധനം നിറച്ചിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2 /2015-16) മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം അപാകതകൾ ഭാവിയിൽ ശ്രദ്ധിക്കുമെന്നറിയിച്ചിട്ടുണ്ട്. 3000 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

## 3-14 തനത് ഫണ്ടിന്റെ ലഭ്യതയിൽ കൂടുതൽ പ്രൊജക്ടുകൾ വെക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വളരെ കുറവാണ്. എന്നാലും തനതു ഫണ്ടിൽ നിന്ന് പ്രൊജക്ടുകൾ വളരേയേറെ വെക്കുന്നുണ്ട്. 2015-16 വർഷത്തിൽ 92,88,996 രൂപ തനതു ഫണ്ട് പ്രൊജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 45,84,655 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തനതു ഫണ്ട് താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | നികുതി വരുമാനം | 2961638 |
| 2 | നികുതിയേതര വരുമാനം | 702576 |
| 3 | മറ്റു വരുമാനം | 203203 |
| | ആകെ | 3867417 |

തൻവർഷത്തെ നിർബന്ധ ചെലവുകൾ താഴെ പറയുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ശമ്പളം, ഹോണറേറിയം മുതലായവ | 2171953 |
| 2 | ഭരണ നിർവ്വഹണ ചെലവുകൾ | 1047976 |
| 3 | മറ്റു പ്രവർത്തന ചെലവുകൾ | 560454 |
| | ആകെ | 3780383 |

2015-16 വർഷത്തെ പൊതു ഉദ്ദേശഗ്രാന്റ് താഴെ കൊടുക്കുന്നു.

| | |
|---|---|
| പൊതു ഉദ്ദേശഗ്രാന്റ് | 8635770 |

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം അതിന്റെ ഒഴിവാക്കാൻ പറ്റാത്ത ചെലവുകൾ നിർവ്വഹിക്കാൻ കൂടി പര്യാപ്തമല്ല. ഇതിനിടെയിലാണ് ഒരു കോടി രൂപയുടെ അടങ്കലിൽ തനതു ഫണ്ടിന്റെ പ്രൊജക്ടുകൾ വെച്ചത്. പൊതു ഉദ്ദേശഗ്രാന്റ് ഇല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം അവതാളത്തിലാണ്. തനതു ഫണ്ട് ആവശ്യത്തിന് ഇല്ലാതെ പ്രൊജക്ടുകൾ വെച്ച് തുക ചെലവഴിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-15 മൈലാടിപ്പാറ ശ്മശാനം റോഡ് ടാറിങ്ങ്, മെറ്റലിങ്ങ്- പ്രവർത്തി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം- എസ്.ഒ.083 / 2015-16

അടങ്കൽ- 100000 രൂപ (വികസന ഫണ്ട് -എസ്.സി.പി)

ചെലവ്- 100000- ബിൽ നം.59/2015-16/29-02-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ- എം.കെ ഹാഷിം

കരാർ നമ്പർ- 82/16 03-10-2015

എം. ബുക്ക് നമ്പർ 173/14-15

7ാം വാർഡിലെ മൈലാടിപ്പാറ സ്മശാനം റോഡ് ടാറിങ്ങ്, മെറ്റലിങ്ങ് പ്രവർത്തനങ്ങൾ നടപ്പാക്കിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാർഗ്ഗരേഖയയ്ക്ക് വിരുദ്ധമായ പ്രവർത്തി

സ.ഉ.(എം.എസ്) 362/2013/ത.സ്വ.ഭ.വ/16-11-2013 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ (ഖ.9-3 ) പ്രകാരം പട്ടികജാതി ജാതി കോളനികൾക്കുള്ളിലെ റോഡുകൾക്ക് മാത്രമേ പട്ടികജാതി വിഹിതം വിനിയോഗിക്കാവൂ എന്ന നിബന്ധന പാലിച്ചിട്ടില്ല.

2) ഫീസിബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ നടപ്പിലാക്കി

എസ്.സി പ്രൊജക്ടുകൽക്ക് പട്ടികജാതി വികസന ഓഫീസർ നൽകുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ യാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ 08-01-2016 ൽ ചേർന്ന പഞ്ചായത്തിന്റെ ഭരണ സമിതി യോഗത്തിൽ വെച്ച് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടാത്തതിനാൽ റദ്ദ് ചെയ്യാൻ തീരുമാനിച്ച പദ്ധതിയാണിത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 സർക്കാർ കോളേജിന് സ്ഥലം വങ്ങൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പഞ്ചായത്തിൽ പഞ്ചായത്തിൽ സർക്കാർ കോളേജ് അനുവദിക്കുന്നതിനായി സ്ഥലം വാങ്ങി നൽകുന്നതിന് 2012-13, 2013-14 വർഷങ്ങളിൽ തനത് ഫണ്ട് വകയിരുത്തി 9 സ്ഥലമുടമകളിൽനിന്നും 5 ഏക്കർ ഭൂമി റജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് തുക | ആർജിച്ച ഭൂമിയുടെ വിശദാംശം | അളവ് (സെന്റ്) |
|---|---|---|---|
| എസ്.ഒ.35/2012-13 | 1934380 | ശങ്കരൻ-D0C.1798/86 | 26.75 |
| എസ്.ഒ.77/2013-14 | 3020319 | ഷാജു...D0C-860/72 | 47.841 |
| | | സൗമിനി...D0C-585/75 | 94.41 |
| | | വേലായുധൻ-D0C-1799/86 | 12.75 |
| | | അപ്പുക്കുട്ടി-D0C-454/88 | 40 |

| | | | |
|---|---|---|---|
| | | നാരായണി..D0C-1805/70 | 102 |
| | | പ്രസന്ന..D0C-1804/70 | 88 |
| | | രാധാകൃഷ്ണൻ-D0C-1801/86 | 18.25 |
| | | ദേവീപ്രസാദ്-D0C-127/99 | 70 |
| ആകെ | 4954699 | | 500 |

ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

1)ആർജിച്ചസ്ഥലം വിദ്യാഭ്യാസ വകുപ്പിന് സർക്കാർ അനുവാദത്തോടെ വിട്ടുനൽകുന്നതിനുള്ള കാലതാമസത്തിന് കാരണം

2)പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ റജിസ്റ്റർ ചെയ്ത 5 ഏക്കർ സ്ഥലം പഞ്ചായത്തിന്റെ ആസ്തി റജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) 14-05-2013 ൽ സ.ഉ.(സാ.ധാ.)1281/2013/ത.സ്വ.ഭ.വ ഉത്തരവിൽ സ്ഥലം വാങ്ങി നൽകുന്നതിന് ഫണ്ട് സ്വരൂപിക്കുന്നതിന് കൊടുവള്ളി, കുന്നമംഗലം, ചേളന്നൂർ, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുകളിലെ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പരമാവധി 500000 രൂപ വരെ തനത് ഫണ്ടിൽ സംഭാവന സ്വീകരിക്കാൻ യഥേഷ്ടാനുമതി നൽകിയിരുന്നു. ഇതിന് യാതൊരു നടപടിയും സ്വീകരിക്കാതെ തനത് വരുമാനം തീരെ കുറവായിട്ടും മുഴുവൻ തുകയും ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

4)16-10-2015 ലെ കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ സി.2/38151/ 15/കോ.വി.വ നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഗവ. ആർട്സ് &സയൻസ് കോളേജ് പ്രിൻസിപ്പാൾ 06-11-2015 നയച്ച കത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായില്ലെങ്കിൽ യൂണിവേഴ്സിറ്റി അഫിലിയേഷൻ നഷ്ടമാകുമെന്ന് അറി യിച്ചിട്ടുണ്ട്. ഇതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി അറിയിക്കേണ്ടതാണ്.

5) 5 ഏക്കർ സ്ഥലം രജിസ്ട്രേഷൻ ഫീസും മുദ്ര പത്ര വിലയും ഉൾപ്പെടെ 4,05,652 രൂപ ചെലവഴിച്ചിട്ടുണ്ട്. 21-07-2016 ലെ കിഴക്കോത്ത് പഞ്ചായത്തിന്റെ സാധാരണ മീറ്റിങ്ങിലെ 59(6)നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയുടെ പേരിലുള്ള ഭൂമി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് റജിസ്റ്റർ ചെയ്ത് നൽകുന്നതിന് റജിസ്ട്രേഷൻ ഫീസും മുദ്ര പത്ര വിലയും ഉൾപ്പെടെ ഭീമമായ തുക ഇനിയും ചെലവഴിക്കാൻ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി

അനുവദിക്കാത്തതിനാൽ ആയത് ഒഴിവാക്കി റജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 3-17 തെരുവു വിളക്കുകളുടെ റിപ്പയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം- എസ്.ഒ184 / 2015-16

അടങ്കൽ- 400000 രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ്- 399600- ബിൽ നം.26/2015-16/31-03-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

കരാറുകാരൻ- ശ്രീ. ബിജു.സി.പി, ചെറുവോട്ട്

പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ റിപ്പയറിങ്ങും മെയിന്റനൻസും ടെണ്ടർ നടപടികളിലൂടെ ശ്രീ. ബിജു.സി.പി.എന്ന കരാറുകാരനെ ഏൽപ്പിക്കുകയും ഡി.ഡി .നം 405260/08-04-2016 പ്രകാരം 399000രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) റിപ്പയർ പ്രവർത്തി പൂർണ്ണമായി നടത്തിയില്ല

കരാറുകാരൻ സമർപ്പിച്ച ബില്ല് പ്രകാരം നടത്തിയിട്ടുള്ള റിപ്പയറിന്റെ വിശദാംശങ്ങൾ

| ക്രമ നംമ്പർ | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | 2X15 watt CFL LIGHT | 504 | 700 | 352800 |
| 2 | 2X11 Watt four pin CFL light | 72 | 650 | 46800 |
| | ആകെ | | | 399600 |

ക്രമ നംമ്പർ 1 പ്രകാരമുള്ള റിപ്പയർ നടന്നതിന് അതാതു വാർഡുകളിലെ മെമ്പർമാർ നല്കിയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ക്രമനംമ്പർ 2 പ്രകാരമുള്ള റിപ്പയർ നടന്നതായി കാണുന്നില്ല.

2) മാർഗ്ഗരേഖ പാലിച്ചില്ല.

തെരുവുവിളക്കുകളുടെ അറ്റകുറ്റ പണിയും സംരക്ഷണവും സംബന്ധിച്ച് 15-09-2011 ലുള്ള സർക്കുലർ 3055/ഡി.എ.3/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാര മുള്ള മാർഗ രേഖയിൽ തെരുവുവിളക്കുകളു ടെപരിപാലനം 'ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (AMC) മുഖേനയാണ് അംഗീകൃത കരാറുകാർക്ക് നൽകേണ്ടത്. ഇവിടെ ഭരണ സമിതി 15-02-2016 ലെ 11(12)ാം നമ്പർ തീരുമാനത്തിലൂടെയാണ് ശ്രീ. ബിജു.സി.പി യുമായി കരാറിലേർപ്പെടാൻ തീരുമാനി ക്കുന്നത്. കരാറിൽ തിയ്യതി രേഖപ്പെടുത്തുകയോ വ്യവസ്ഥകൾ പൂരിപ്പിക്കുകയോ ചെയ്തിട്ടില്ല. 26-03-2016ന് ശ്രീ. ബിജു.സി.പിസെക്രട്ടറിയ്ക്കയച്ച കത്തിൽ കിഴക്കോത്ത് പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപണി എല്ലാം പൂർത്തിയായി എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പണം നൽകുകയുണ്ടായി. ഒരു വർഷത്തേ യ്ക്കായിരിക്കേണ്ട കരാർ ഒരു മാസം കൊണ്ട് അവസാനിപ്പിക്കുകയാണുണ്ടായത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 7 /2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരം ലഭിക്കാത്തത് സംബന്ധിച്ച്

സെക്രട്ടറിനിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷങ്ങളിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ല.

| പ്രൊജക്റ്റ് | ചെലവ് തുക | ഡി.ഡി. ന മ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|
| എസ്.ഒ.314/2015-16പരപ്പാറ പീടിക കണ്ടി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 75000 (തനത് ഫണ്ട്) | 698881/21-03-2016 | ഡെപ്പോസിറ്റ് വർക്കിന് ജല അതോ റിറ്റി യ്ക്ക് കൈമാറി. കരാറിൽ ഏർപ്പെട്ടിട്ടില്ല. വിനിയോഗവിവരം ലഭിച്ചിട്ടില്ല |
| എസ്.ഒ.310/2015-16 ജില്ലാ ആസൂത്രണ സമിതിയ്ക്ക് കെട്ടിട നിർമ്മാണം സംഭാവന | 150000 (തനത് ഫണ്ട്) | 405246/08-04-2016 | വിനിയോഗവിവരം ലഭിച്ചിട്ടില്ല |
| എസ്.ഒ.310/2015-16 കോഴിക്കോട് ജില്ലാ പ ഞ്ചായത്തിന്റെതെരുവു നായ നിയന്ത്രണ പദ്ധ തി വിഹിതം നല്കൽ | 200000 (തനത് ഫണ്ട്) | 405247/08-04-2016 | വിനിയോഗവിവരം ലഭിച്ചിട്ടില്ല |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച 425000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ

കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പീടികക്കണ്ടി പൈപ്പ്ലൈൻ നീട്ടൽ | DD No. 698881 തിയ്യതി. 21.3.2016 | 75000 | - | 75000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല,

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ തിരിച്ചടവ് | എം.എസ്.209/09, തിയ്യതി. 7.11.2009 | 7320352 | 2661621 | 500000 | | 2161621 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 951863 |
| തൻവർഷം നിക്ഷേപിച്ച തുക | 82267 |
| ആകെ | 1034130 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1034130 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| എഫ്.ഡി നമ്പർ 760- സർവ്വീസ് സഹകരണ ബാങ്ക് | 185370 |
| എഫ്.ഡി നമ്പർ 759- സർവ്വീസ് സഹകരണ ബാങ്ക് | 589479 |
| എഫ്.ഡി നമ്പർ 769- സർവ്വീസ് സഹകരണ ബാങ്ക് | 259281 |
| ആകെ | 1034130 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 23 | 2004-05 | 1 | ക്യാഷ് ബുക്ക് എഴുതിയിട്ടില്ല | നടപടി തുടരുന്നു |
| 2002-03 | | 2004-05 | 3 | നികുതി പിരിവിൽ അലംഭാവം,കുടിശ്ശിക പെരുകുന്നു.<br>കെട്ടിടനികുതി -93,331/-<br>തൊഴിൽനികുതി -23,715/- | “ |
| 2001-02 | പൊതു പരാമർശം | 2003-04 | 27, 29 | നികുതി കാലഹരണപ്പെട്ടു. | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38555755 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48520738 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 248 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 88151 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1239980 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 248 | | ശ്രീ.പി.എസ്. സാദ്ദിക്ക് മഹ്ദൂം, സെക്രട്ടറി |
| 3-3 | | 2751 | ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 4400 | ശ്രീ.പി.എസ്. സാദ്ദിക്ക് മഹ്ദൂം, സെക്രട്ടറി |
| 3-5 | | 78000 | പി.പി.സക്കറിയ, ഹെഡ്മാസ്റ്റർ |
| 3-13 | | 3000 | ഡോ.കെ.കെ.അബ്ദുറഹിമാൻ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 248 | 88151 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 312500 | ഡോ.വിക്രാന്ത് , വെറ്ററിനറി സർജൻ |
| 3-12 | 2880 | ഡോ.കെ.കെ.അബ്ദുറഹിമാൻ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-15 | 100000 | ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | 399600 | ശ്രീ.പി.എസ്. സാദ്ദിക്ക് മഹ്ദൂം, സെക്രട്ടറി |
| 3-18 | 425000 | ശ്രീ.പി.എസ്. സാദ്ദിക്ക് മഹ്ദൂം, സെക്രട്ടറി |
| ആകെ | 1239980 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എസ്. സാദ്ദിക്ക് മഹ്ദൂം, സെക്രട്ടറി | സെക്രട്ടറി, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | കുറ്റിപ്പുറത്ത്കണ്ടി, കോട്ടാംപറമ്പ്, 673008 |
| ശ്രീമതി.ഗിരിജ.കെ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കിഴക്കോത്ത് | തവനൂർ, മാനിപുരം പി.ഒ |
| ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, താമരശ്ശേരി | സായ് ശ്രേയസ്സ്, 1/422 7ബി. വെസ്റ്റ്ഹിൽ, 673005 |
| ഡോ.കെ.കെ.അബ്ദുറഹിമാൻ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | അസിസ്റ്റന്റ് സർജൻ, പി.എച്ച്.സി, കിഴക്കോത്ത് | ഗ്രേസ് വില്ല<br>എലോക്കര, പൂതുപ്പാടി, 673586 |
| ഡോ.വിക്രാന്ത് , വെറ്ററിനറി സർജൻ | ഗവ.വെറ്ററിനറി ഡിസ്പെൻസറി, കിഴക്കോത്ത് | പുൽപ്പട്ടിൽ, പോലൂർ, കോണോട്ട് പി.ഒ,673571 |
| പി.പി.സക്കറിയ, ഹെഡ്മാസ്റ്റർ | സർവ്വീസിൽ നിന്നും വിരമിച്ച | പറകണ്ടത്തിൽ , താമരശ്ശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെ ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1985-86 | എൽ.എഫ്.പി6/1043/96 തി 16.8.96 | 2 | |
| 1986-87 | എൽ.എഫ്.പി6/1044/96 തി16.8.96 | 1 | |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി1/700/13(1) തി 3.1.14 | 1 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/1613(10)/09 തി 14.7.10 | 1 | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1/1613(11)/09 തി 14.7.10 | 1 | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/1205(14) തി 13.8.14 | 7 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി1/1613(13)/09 തി 14.7.10 | 16 | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി1/1578(1)/11 തി 25.11.11 | 16 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1/1578(2)/11 | 13 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി1/1579/11 തി 25.11.11 | 10 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/1205/14 തി 13.8.14 | 10 | |
| 2010-11&11-12 | എൽ.എഫ്.കെ.കെ.ഡി.പി1/1901/13 തി 3.1.14 | 24 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/48/2015 തി 8-1-2015 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ

## 5

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/2049/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി. 21.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P1 /2049/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date: 21.11.2016

# Audit Certificate

Certified that I have audited the Annual Financial Statement of Kizhakkoth Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kizhakkoth Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department, District Audit Office, Kozhikode.